SUMMATIVE ASSESSMENT –II
MARCH '2014
GRADE IX

Sub: MALAYALAM

Total Marks :90
Time : 3Hrs.

എ– വിഭാഗം

I താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഒരു വ്യക്തിത്വത്തെ പരിചയപ്പെടുത്തുന്ന വാങ്മയമാണ് ആത്മകഥയും ജീവചരിത്രവും. ഒന്ന് സ്വയം വെളിപ്പെടുത്തലാണെങ്കിൽ മറ്റത് അപരൻെറ വെളിപ്പെടുത്തലാണ്.നല്ല ആത്മകഥയ്ക്ക് അല്ലെങ്കിൽ ജീവചരിത്രത്തിന് നല്ലവണ്ണം ജീവിച്ച ഒരു വ്യക്തി ഉണ്ടാവണം,സത്യസന്ധമായി വെളിപ്പെടുന്ന ഒരു മനസ്സും ഉണ്ടാവണം. ഗാന്ധിജിയുടെ ആത്മകഥയായ 'എൻെറ സത്യാന്വേഷണപരീക്ഷണങ്ങൾ'സ്വന്തം ശരികൾക്കൊപ്പം കുറ്റങ്ങളും കുറവുകളും കൂടി അപഗ്രഥിക്കുന്ന കൃതിയാണ്.തൻെറ വായനക്കാർക്ക് ആത്മോന്നതി നൽകുന്നവരുടെ ആധിക്യമാണ് ഈ പ്രത്യേകസാഹിത്യരൂപത്തിൻെറ വികാസത്തിലൂടെ അളക്കപ്പെടുന്നത്. മലയാളത്തിലെ ആദ്യത്തെ ആത്മകഥ ചിട്ടയൊപ്പിച്ച് എഴുതിയതല്ലെങ്കിൽ വൈക്കത്ത് പാച്ചുമൂത്തതിൻെറ ആത്മകഥയാണ്. പക്ഷെ മലയാളികൾ വികാരഭാവത്തോടെ വായിച്ച ആദ്യത്തെ ആത്മകഥ സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള തൻെറ സാഹസികവും ക്ലേശപൂർണവുമായ ജീവിതത്തെക്കുറിച്ചെഴുതിയ 'എൻെറ നാടുകടത്തൽ' എന്ന ഗ്രന്ഥമാണ്. ഈ.വി. കൃഷ്ണപ്പിള്ളയുടെ 'ജീവിതസ്മരണകൾ'അതിൻെറ ആഖ്യാനരീതികൊണ്ടും അതിൽ പരാമർശിക്കപ്പെടുന്നവരെക്കുറിച്ചും തന്നെക്കുറിച്ചുമുള്ള നിരീക്ഷണങ്ങൾ കൊണ്ടും ആകർഷകമാകുന്നു.

1. ഈ. വി. കൃഷ്ണപ്പിള്ള എഴുതിയ ആത്മകഥ ആകർഷകമാകുന്നത് ഏതു വിധത്തിലാണ്? 2
2. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസമെന്ത് 2
3. ഗാന്ധിജിയുടെ ആത്മകഥയുടെ സവിശേഷതയെന്ത്? 2
4. ഈ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മൂന്ന് ആത്മകഥകളുടെ പേര് എടുത്തെഴുതുക. 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായൊരു ശീർഷകം നൽകുക. 2

ബി – വിഭാഗം

II 1. പരീക്ഷാകാലങ്ങളിൽ പവർ കട്ട് ഒഴിവാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. 8

2 അഞ്ചോ ആറോ വാക്യത്തിൽ ആശയം വിശദമാക്കുക 3

ബന്ധുരക്കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

അല്ലെങ്കിൽ

മുറ്റത്തെ മുല്ലയ്ക്കു മണമില്ല

3. ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക 2

a. അങ്ങാടിപ്പാട്ട്
b. പൂച്ചു തെളിയുക
c. അരക്കൈ നോക്കുക
d. തേടിയ വള്ളി കാലിൽ ചുറ്റുക

4 ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക 7

1. വനവത്ക്കരണം
2. വിദ്യാർഥികളും കായികവിനോദവും
3. വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക്

സി - വിഭാഗം

III 1. പ്രയോഗം മാറ്റുക 2

a. ഉമ്മ എന്തോ ഓർത്തു കരയുന്നു.

b. ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരു നിരോധിച്ചു.

2. മഹാവാക്യമാക്കുക 1

നാടൻ കോഴിക്ക് ശത്രുവിനെ കണ്ടാൽ മനസ്സിലാവും. മെഷീൻ കോഴിക്ക് അതിനുള്ള കഴിവില്ല

3. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക 2

a. പാവങ്ങളുടെ മോഹങ്ങളെ ഗുരു അറിവിലേക്കും വ്യവസായത്തിലേക്കോ തിരിച്ചു വിടുകയാണുണ്ടായത്.
b. കിട്ടിയ തുക മാത്തുക്കുട്ടി ആരും കാണാതെ വീണ്ടും ഒന്നുകൂടി എണ്ണി നോക്കി.

4. വിഗ്രഹിച്ചു സമാസം എഴുതുക 2

a. അഞ്ചാറ്
b. കടൽക്കര

5. ശരിയായ വിപരീതപദം ഏത്? 1

ആഡംബരം
(നിരാഡംബരം,അനാഡംബരം,അനാർഭാടം,ഡംഭം)

6. ശരിയായ പര്യായപദം ഏത്? 1

കോഴി
(കാകൻ, കൃകവാകം ക്രോഷ്ടാവ്, കുക്കുടം)

7. ശരിയായ നാനാർഥപദം എഴുതുക 1

അരി
(സിംഹം, ശത്രു, ഹരി, ധാന്യമണി)

8. ശരിയായ അർഥവ്യത്യാസം എഴുതുക 1
വൃത്തി - വൃദ്ധി
(വാർദ്ധക്യം, ശുചിത്വം, പ്രവർത്തനം, വളർച്ച)

9. എതിർലിംഗം എഴുതുക 1

ബാലൻ

(ബാല, ബലി, ബാലിക, ബലിണി)

ഡി-വിഭാഗം

IV 1. ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക 6

a. 'രണ്ടു വയറു നിറയ്ക്കാൻ ഞാൻ പെടാപ്പാട് പെടുകയാ'- ആരാണു പെടാപ്പാട് പെടുന്നത്?

(വൈലോപ്പിള്ളി. മറിയ, ഉമ്മ, ഏലിയമ്മച്ചേടത്തി)

b. പ്രാചീനമഹാകവിത്രയത്തിൽ പെടാത്ത കവി ആര്?

(ചെറുശ്ശേരി, വള്ളത്തോൾ, കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ)

c. അതിനു മുൻപിൽ കച്ചവടക്കാരൻെറ മുൾട്ടിനാഷണൽ കമ്പനി ഒന്നുമല്ലാതായി'-ഏതിനു മുന്നിൽ?
(ഉമ്മയുടെ ദുഃഖം, ഉമ്മയുടെ വിലപേശൽ, ഉമ്മയുടെ ഇച്ഛാശക്തി, ഉമ്മയുടെ ചിരി)

d. താഴെ പറയുന്നവയിൽ ബാലചന്ദ്രൻ ചുള്ളിക്കാടിൻെറ കൃതിയേത്?
(വർണങ്ങളുടെ സംഗീതം, ചിദംബരസ്മരണ, കൃഷ്ണഗാഥ, ശീർഷാസനം)

e. ആർഭാടത്തെ ഏത് അവസ്ഥയുമായാണ് എം. എൻ. വിജയൻ താരതമ്യം ചെയ്യുന്നത്?
(ഹർഷം, വിഷാദം, ഉത്സവം, ഉന്മാദം)

f കൊച്ചു കൊച്ചു മോഹങ്ങൾ എന്ന കഥ എഴുതിയതാര്?

(ബാലചന്ദ്രൻ ചുള്ളിക്കാട്, എൻ. മോഹനൻ, എം. എൻ. വിജയൻ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്)

2. ഉത്തരമെഴുതുക

a. സമുദായങ്ങൾ സമൂഹത്തിനു വേണ്ടി ഇടപെടണം എന്നു പറയുന്നത് എന്തുകൊണ്ട്? 4
b. മാത്തുക്കുട്ടി രാവിലെത്തന്നെ ചന്തയിൽ എത്തിയത് എന്തിനായിരുന്നു? 4
c. മെഷീൻ കോഴികളെക്കുറിച്ചുള്ള ഉമ്മയുടെ അഭിപ്രായം എന്ത്? 4
d.. 'കൊച്ചു കൊച്ചു മോഹങ്ങൾ' എന്ന കഥയിൽ മാത്തുക്കുട്ടി എന്നെ കഥാപാത്രത്തിലൂടെ എന്തു സന്ദേശം ആണു നമുക്ക് ലഭിക്കുന്നത്? 4

3 a. ഒരു വംശത്തിൻെറ നാശം മദ്യം മൂലം സംഭവിക്കുന്നു എന്നു ചെറുശ്ശേരി വർണിക്കുന്നു. ഇന്നത്തെ സമൂഹത്തിലെ അവസ്ഥയുമായി അതിനെ താരതമ്യം ചെയ്യുക. 4

b. കൂടൽമാണിക്യത്തിലെ പുളിങ്കറി കേമം ആണെന്നു വൈലോപ്പിള്ളി പറഞ്ഞപ്പോൾ കവി എന്താണു മറുപടി പറഞ്ഞത്? 4
c. ബലിച്ചോറിനെക്കുറിച്ചു കേട്ടപ്പോൾ വൈലോപ്പിള്ളിക്കുണ്ടായ ഭാവമാറ്റത്തെക്കുറിച്ചു കവി എന്തു കരുതുന്നു? 4
d. " ആരണശാപത്താൽ മാരണമായിതേ
ദ്വാരകവാസികൾക്കേരകപ്പുൽ" - സന്ദർഭം, ആശയം , അലങ്കാരം എന്നിവ ലക്ഷണം എഴുതി സമന്വയിക്കുക 4

4 ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക 10

a..മാതൃരാജ്യത്തിൻെറ നരകയാതന ഇല്ലാതാക്കാൻ സ്വാമി നടത്തിയ പ്രസംഗ പര്യടനത്തെക്കുറിച്ചു വിവരിക്കുക.
b. "ഒരു ചെറിയ ഉദാഹരണം കൊണ്ട് അങ്ങ് എന്നെ സത്യത്തിലേക്കു നയിച്ചു"- ആൾവാറിലെ രാജാവ് പറഞ്ഞ ആ സംഭവം എന്തായിരുന്നു?
c.. തേജസ്വിയായ വാഗ്മി ആയി വിവേകാനന്ദൻ മാറിയതെങ്ങനെ?